Class No. : ..................................

Name : ..........................................

**FY 150**

# FIRST YEAR HIGHER SECONDARY SECOND TERMINAL EXAMINATION, DECEMBER 2024

## Part – III

## ACCOUNTANCY WITH COMPUTERISED ACCOUNTING

**Maximum : 60 Scores**

Time : 2 Hours

Cool-off Time : 15 Minutes

---

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Score

**1 മുതൽ 9 വരെയുള്ള ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** **(8×1=8)**

1. ചുവടെ നല്കിയിട്ടുള്ളവയിൽ മൂല്യക്ഷയത്തിന്റെ സവിശേഷത അല്ലാത്തത് ഏത് ?

   a) ഇത് സ്ഥിര ആസ്തികളുടെ ബുക്കുവില കുറയ്ക്കുന്നു

   b) ഇത് തുടർ പ്രക്രിയയാണ്

   c) ഇതുമൂലം പണം പുറത്തേക്കു പോകുന്നില്ല

   d) എല്ലാത്തരം ആസ്തികൾക്കും ഇത് ബാധകമാണ്

2. ആസ്തി വാങ്ങിയത് പർച്ചേസസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഒരു ________ന് ഉദാഹരണമാണ്.

   a) താത്വിക തെറ്റ്

   b) ഉപേക്ഷ തെറ്റ്

   c) നിർവഹണ തെറ്റ്

   d) പൂരികൃത തെറ്റ്

3. ഒരു ട്രയൽ ബാലൻസ് തയ്യാറാക്കുന്നത് ________ പരിശോധിക്കുന്നതിനു വേണ്ടിയാണ്.

   a) ബിസിനസിന്റെ ദ്രവ്യത

   b) ബിസിനസിന്റെ സാമ്പത്തിക സ്ഥിതി

   c) ബിസിനസിന്റെ ലാഭക്ഷമത

   d) ലെഡ്ജർ അക്കൗണ്ടുകളുടെ സാംഖികമായ കൃത്യത

4. ഒരു ബിസിനസ് സ്ഥാപനം രേഖാ ഏജൻസിയിൽ നിന്ന് 50,000 രൂപ വിലയുള്ള സാധനങ്ങൾ വാങ്ങുകയും രൊക്കം പണമായി 25,000 രൂപ നൽകുകയും ചെയ്തു. ഈ ഇടപാട് അക്കൗണ്ട് ബുക്കിൽ എങ്ങനെ രേഖപ്പെടുത്തും ?

   a) പർച്ചേസ് ബുക്കിൽ ₹ 50,000

   b) ജേണൽ പ്രോപ്പറിൽ ₹ 50,000

   c) ക്യാഷ് ബുക്കിൽ ₹ 25,000 ഉം പർച്ചേസ് ബുക്കിൽ ₹ 25,000 ഉം

   d) ക്യാഷ് ബുക്കിൽ ₹ 25,000 ഉം ജേർണൽ പ്രോപ്പറിൽ ₹ 25,000 ഉം

Score

5. അന്തർ സംസ്ഥാന ഇടപാടുകളിൽ ബാധകമായ ജി എസ്ടിയുടെ ഘടകം

a) CGST മാത്രം

b) SGST മാത്രം

c) IGST മാത്രം

d) CGST and SGST ഇവ രണ്ടും

6. M/s. അലക്സ് ട്രേഡേഴ്സിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/2024-ന് ₹ 1,000 ഡെബിറ്റ് ബാലൻസ് കാണിക്കുന്നു. 31/03/2024-ന് ബാങ്ക് ഈടാക്കിയ 1,500 രൂപ ബാങ്ക് ചാർജുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. M/s. അലക്സ് ട്രേഡേഴ്സിന്റെ ക്യാഷ് ബുക്കിൽ (ബാങ്ക് കോളം) 31/03/2024 ലെ കാണിച്ചിരിക്കുന്ന ബാലൻസ് ________ ആയിരിക്കും.

a) ₹ 1,000 (Dr)

b) ₹ 1,500 (Cr)

c) ₹ 500 (Dr)

d) ₹ 500 (Cr)

7. ചുവടെ കൊടുത്തിട്ടുള്ളവയിൽ ബിസിനസ്സിലെ ഉടമയുടെ നിക്ഷേപം കുറയ്ക്കുന്നത് ഏത് ?

a) ബാധ്യതകൾ

b) ഡ്രോയിംഗ്സ്

c) സെയിൽസ്

d) മൂലധന ചെലവ്

8. ഒരു ജേണലിൽ നിന്ന് ഒരു ലെഡ്ജറിലേക്ക് എൻട്രികൾ രേഖപ്പെടുത്തുന്ന പ്രക്രിയയെ ________ എന്ന് വിളിക്കുന്നു.

a) വർഗ്ഗീകരണം

b) ജേണലൈസിങ്

c) ബാലൻസിങ്

d) പോസ്റ്റിംഗ്

Score

9. ഇംപ്രെസ്റ്റ് തുക 3,000 രൂപയും പെറ്റി ക്യാഷർ 2024 നവംബർ മാസത്തിൽ 1,800 രൂപയും ചെലവഴിക്കുകയും ചെയ്യെങ്കിൽ, 2024 ഡിസംബറിന്റെ ആരംഭത്തിൽ പ്രധാന കാഷ്യർ എത്ര തുക തിരികെ നൽകും ?

a) ₹ 1,200

b) ₹ 3,000

c) റീഇംബേഴ്സ്മെന്റ് ആവശ്യമില്ല

d) ₹ 1,800

**10 മുതൽ 15 വരെയുള്ള ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(4×2=8)**

10. ഇരട്ട കോളം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്ന കോൺട്രാ ഇടപാടിന് ഒരു ഉദാഹരണം എഴുതുക.

11. ഡെബിറ്റ് നോട്ട് ക്രെഡിറ്റ് നോട്ട് എന്നിവയെ പറ്റി ഒരു ചെറിയ കുറിപ്പ് എഴുതുക.

12. ചുവടെ നൽകിയിട്ടുള്ള പ്രസ്താവനകളിൽ പ്രതിപാദിച്ചിരിക്കുന്ന അക്കൗണ്ടിംഗ് വിവരങ്ങളുടെ ഗുണപരമായ സവിശേഷതകൾ ഏതെന്ന് തിരിച്ചറിയുക.

a) അക്കൗണ്ടിംഗ് വിവരങ്ങൾ പിശകിൽ നിന്നും പക്ഷപാതത്തിൽ നിന്നും മുക്തമായിരിക്കണം.

b) അക്കൗണ്ടിംഗ് വിവരങ്ങൾ കൃത്യസമയത്ത് ലഭ്യമായിരിക്കണം.

13. ട്രയൽ ബാലൻസ് തയ്യാറാക്കുന്നതിന്റെ ലക്ഷ്യങ്ങൾ ചുരുക്കി വിവരിക്കുക. (ഏതെങ്കിലും രണ്ട് എണ്ണം)

14. ഉത്തരവാദിസ്ഥാനം പണാടിസ്ഥാനം എന്നീ അക്കൗണ്ടിംഗിന്റെ അടിസ്ഥാന സമീപനങ്ങൾ തമ്മിലുള്ള പ്രധാന വ്യത്യാസം വിവരിക്കുക.

15. നൽകിയിട്ടുള്ള വിശദാംശങ്ങളിൽ നിന്ന് മൂല്യക്ഷയത്തിന്റെ വാർഷിക തുക കണക്കാക്കുക.

| | | |
|---|---|---|
| മെഷിനറിയുടെ വാങ്ങൽ വില | – | ₹ 80,000 |
| സ്ഥാപിക്കൽ ചെലവ് | – | ₹ 5,000 |
| സ്ക്രാപ്പ് മൂല്യം | – | ₹ 10,000 |
| പ്രതീക്ഷിത ഫലദായക ആയുസ്സ് | – | 10 Years |

Score

**16 മുതൽ 20 വരെയുള്ള ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(4×3=12)**

16. സമയ ഭിന്നതമൂലം ക്യാഷ് ബുക്ക് ബാലൻസും പാസ് ബുക്ക് ബാലൻസും തമ്മിലുള്ള വ്യത്യാസമുണ്ടാകാനുള്ള മൂന്ന് കാരണങ്ങൾ പട്ടികപ്പെടുത്തുക.

17. ചുവടെ നൽകിയിട്ടുള്ള ഇടപാടുകൾ രേഖപ്പെടുത്തുന്നതിന് ഉചിതമായ ജേണൽ നിർദ്ദേശിക്കുക.

a) ചെക്ക് മുഖാന്തിരം യന്ത്രങ്ങൾ വാങ്ങിയത്

b) കേശവ് സാധനങ്ങൾ തിരിച്ചയച്ചത്

c) ഹരിയിൽ നിന്ന് കടത്തിന് യന്ത്രങ്ങൾ വാങ്ങിയത്.

18. ഇരുഘടക തത്വം ഒരു ഉദാഹരണത്തിന്റെ സഹായത്തോടെ ചുരുക്കി വിശദീകരിക്കുക.

19. റിസർവും പ്രൊവിഷനും തമ്മിലുള്ള ഏതെങ്കിലും മൂന്ന് വ്യത്യാസം രേഖപ്പെടുത്തുക.

20. ചുവടെ നൽകിയിരിക്കുന്ന സാഹചര്യങ്ങളിലെ തെറ്റുകൾ തിരുത്തുക.

ജഗന് കടത്തിലുള്ള വിൽപ്പന ₹ 20,000

i) അക്കൗണ്ട് ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

ii) ജഗന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.

iii) 22,000 രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്.

**21 മുതൽ 26 വരെയുള്ള ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** **(5×4=20)**

21. അക്കൗണ്ടിംഗിന്റെ വിവിധ ലക്ഷ്യങ്ങൾ വിശദീകരിക്കുക.

Score

**22.** ചുവടെ നൽകിയിട്ടുള്ള ഇടപാടുകളിൽ നിന്ന് അക്കൗണ്ടിംഗ് സമവാക്യം തയ്യാറാക്കുക.

a) 80,000 രൂപയുമായി ബിസിനസ് ആരംഭിച്ചു

b) 20,000 രൂപയ്ക്ക് സാധനങ്ങൾ വാങ്ങി

c) കടത്തിന് മെഷിനറി വാങ്ങി 15,000 രൂപ

d) 8,000 രൂപ വിലയുള്ള സാധനങ്ങൾ 9,000 രൂപയ്ക്ക് വിറ്റു

**23.** M/s. ലത ഇലക്ട്രോണിക്സിന്റെ സെയിൽസ് ബുക്കിൽ ചുവടെ കൊടുത്തിട്ടുള്ള ഇടപാടുകൾ രേഖപ്പെടുത്തുക.

2024 സെപ്റ്റംബർ 01 – പ്രസാദ് ട്രേഡേഴ്സിന് വിൽപന നടത്തിയത് :

20 പോക്കറ്റ് റേഡിയോ ഒന്നിന് ₹ 700 വീതം

10, ടി. വി., ഒന്നിന് ₹ 8,000 വീതം

10 – അരുൺ ഇലക്ട്രോണിക്സിന് വിൽപന നടത്തിയത് :

5 ടി. വി., ഒന്നിന് ₹ 8,000 വീതം

10 എ. സി., ഒന്നിന് 20,000 രൂപ വീതം

വ്യാപാര കിഴിവ് @ 10%

15 – ഹന്നാ ഇലക്ട്രോണിക്സിന് വിൽപന നടത്തിയത് :

10 മൊബൈൽ ഫോൺ, ഒന്നിന് ₹ 6,000 വീതം

20 സ്പീക്കർ, ഒന്നിന് 1,000 രൂപ വീതം

20 – ഹരീഷ് ട്രേഡേഴ്സിന് വിൽപന നടത്തിയത്

10 മിക്സർ ജൂസർ ഗ്രൈൻഡർ, ഒന്നിന് ₹ 4,000 വീതം

വ്യാപാര കിഴിവ് @ 5%.

**Score**

**24.** ചേരുംപടി ചേർക്കുക.

| A | B |
|---|---|
| a) ബിസിനസ് അതിന്റെ ഉടമയിൽ നിന്ന് വേറിട്ടു നിൽക്കുന്നു | 1) പൊരുത്തപ്പെടുത്തൽ തത്വം |
| b) പ്രതീക്ഷിക്കുന്ന നേട്ടങ്ങൾക്കല്ല പ്രതീക്ഷിക്കുന്ന നഷ്ട സാധ്യതയാക്കാണ് കരുതൽ നടത്തേണ്ടത് | 2) ബിസിനസ് അസ്തിത്വ തത്വം |
| c) ചെലവുകൾ അവ സംഭവിക്കുന്ന കാലയളവിൽ രേഖപ്പെടുത്തണം | 3) പണമായി അളക്കൽ തത്വം |
| d) ഇടപാടുകൾ ഭൗതിക അളവിലല്ല സൂക്ഷിക്കേണ്ടത് | 4) മുൻകരുതൽ തത്വം |

**25.** KK ലിമിറ്റഡ് 2020 ഏപ്രിൽ 1-ന് ₹ 75,000-ന് ഒരു മിഷനറി വാങ്ങി, അത് സ്ഥാപിക്കുന്നതിനുമായി ₹ 5,000 ചെലവഴിച്ചു. 2022 ജൂലൈ 01-ന് ₹ 30,000-ന് മറ്റൊരു മെഷീൻ കൂടി വാങ്ങി. നീക്കിയിരിപ്പ് മൂല്യക്ഷയ രീതിയിൽ 10% നിരക്കിലാണ് മൂല്യക്ഷയം ഈടാക്കുന്നത്. ആദ്യത്തെ മൂന്ന് വർഷത്തേക്ക് മെഷീൻ അക്കൗണ്ട് തയ്യാറാക്കുക. എല്ലാ വർഷവും മാർച്ച് 31-ന് അക്കൗണ്ടുകൾ ക്ലോസ് ചെയ്യും.

**26.** നൽകിയിട്ടുള്ള ലെഡ്ജർ ബാലൻസുകളിൽ നിന്ന് ഒരു ട്രയൽ ബാലൻസ് തയ്യാറാക്കുക.

| അക്കൗണ്ട് ശീർഷകം | തുക |
|---|---|
| മൂലധനം | 1,00,000 |
| ഡ്രായിങ്ങ്സ് | 10,000 |
| മെഷിനറി | 50,000 |
| സെയിൽസ് | 2,10,000 |
| പർചെയ്സസ് | 2,00,000 |
| കൂലി | 20,000 |
| ഡെബ്റ്റേഴ്സ് | 70,000 |
| ക്രെഡിറ്റേഴ്സ് | 40,000 |

Score

**27 മുതൽ 29 വരെയുള്ള ഏതെങ്കിലും 2 ചോദ്യത്തിന് ഉത്തരം നൽകുക. ഓരോന്നിനും 6 സ്കോർ വീതം.** **(2×6=12)**

**27.** താഴെപ്പറയുന്ന ഇടപാടുകളിൽ നിന്ന് ഇരട്ട കോളം ക്യാഷ് ബുക്ക് തയ്യാറാക്കുക.

| **2024** | | | ₹ |
|---|---|---|---|
| നവംബർ | 01 | ഓപ്പണിംഗ് ബാലൻസ് : | |
| | | കയ്യിലുള്ള പണം | 20,000 |
| | | ബാങ്ക് ഓവർഡ്രാഫ്റ്റ് | 3,000 |
| | 05 | റൊക്കം പണത്തിന് സാധനങ്ങൾ വാങ്ങി | 4,000 |
| | 10 | ബാങ്കിൽ പണം നിക്ഷേപിച്ചു | 10,000 |
| | 12 | റൊക്കം പണത്തിന് സാധനങ്ങൾ വിറ്റു | 12,000 |
| | 14 | ചെക്ക് നൽകി സാധനങ്ങൾ വാങ്ങിയത് | 5,000 |
| | 16 | സ്റ്റേഷനറി വാങ്ങിയത് | 1,000 |
| | 20 | ഓഫീസ് ആവശ്യത്തിനായി ബാങ്കിൽ നിന്നും പണം പിൻവലിച്ചു. | 2,000 |
| | 24 | ശമ്പളം കൊടുത്തത് | 2,000 |
| | 30 | വ്യക്തിഗത ഉപയോഗത്തിനായി പണം പിൻവലിച്ചു | 1,000 |

**28.** ചുവടെ കൊടുത്തിട്ടുള്ള വിവരങ്ങളിൽ നിന്നും 31/03/2024 ലെ ബാങ്ക് അനുരഞ്ജന പട്ടിക തയ്യാറാക്കുക.

a) പാസ് ബുക്ക് പ്രകാരമുള്ള ബാലൻസ് ₹ 12,000

b) ബാങ്കിൽ നിക്ഷേപിച്ച പിരിച്ചെടുക്കാത്ത ചെക്കുകൾ ₹ 5,000

c) 1,000 രൂപയുടെ ബാങ്ക് നിക്ഷേപം ബാങ്കിൽ 100 രൂപയായി രേഖപ്പെടുത്തി

d) ക്യാഷ് ബുക്കിൽ രേഖപെടുത്തിയിട്ടില്ലാത്ത ഓവർഡ്രാഫ്റ്റിന്റെ പലിശ ₹ 500

e) പുറപ്പെടുവിച്ച ചെക്കുകളിൽ ബാങ്കിൽ സമർപ്പിക്കാത്തവ ₹ 3,000

f) ബാങ്ക് തെറ്റായി ഡെബിറ്റ് ചെയ്തത് ₹ 1,000

**29.** ചുവടെ നൽകിയിട്ടുള്ള ഇടപാടുകൾ ജേണലൈസ് ചെയ്യുക.

| | | |
|---|---|---|
| 2024 ജൂൺ | 01 | 1,00,000 രൂപയുമായി ഹരി ബിസിനസ്സ് ആരംഭിച്ചു |
| | 05 | എസ്. ബി. ഐ. യിൽ 30,000 രൂപ നിക്ഷേപിച്ച് അക്കൗണ്ട് തുറന്നു |
| | 06 | ബിനുവിൽ നിന്ന് 50,000 രൂപയ്ക്ക് സാധനങ്ങൾ വാങ്ങി |
| | 10 | വ്യക്തിഗത ഉപയോഗത്തിന് ₹ 5,000 ബാങ്കിൽ നിന്ന് പിൻവലിച്ചു |
| | 12 | ചാരിറ്റിയായി സാധനങ്ങൾ നൽകിയത് ₹ 3,000 |
| | 15 | ഇൻഷുറൻസ് പ്രീമിയം ചെക്ക് മുഖാന്തരം അടച്ചു ₹ 4,000 |